

Week-3

# Talents - Use it or Lose it

## (താലന്തുകൾ - ഉപയോഗിക്കുക, നഷ്ടമാക്കരുത്)

ചൈനയിൽ ഒരു മിഷനറി ഉണ്ടായിരുന്നു. അദ്ദേഹത്തെ **'ജീസസ് മാൻ'** എന്നാണ് ചൈനാക്കാർ വിളിച്ചിരുന്നത്. അദ്ദേഹം അനേകരെ രക്ഷയിലേക്ക് വഴിനടത്തി, അനേക രോഗികളെ സൗഖ്യമാക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു. ഒരു ദിവസം രാവിലെ കുതിരപ്പുറത്ത് ജീസസ് മാനെ അന്വേഷിച്ച് ഒരാൾ അദ്ദേഹത്തിന്റെ വീട്ടിൽ എത്തി അദ്ദേഹത്തിന്റെ പന്ത്രണ്ടു വയസ്സുകാരൻ മകൻ സ്കൂളിലേക്കുപോകുവാൻ ഇറങ്ങുമ്പോ ഴാണ് കുതിരയുടെ വരവ്. ജീസസ്മാൻ സ്ഥലത്തില്ല എന്ന് അന്വേ ഷണത്തിൽ മനസ്സിലാക്കിയ ആ മനുഷ്യൻ കുഞ്ഞിനോട്

തന്റെകൂടെ വരാമോ എന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ഭൂതബാധയാൽ പ്രയാസപ്പെടുന്നു എന്നു കേട്ട കുഞ്ഞ് ഒന്നും പറയാതെ അദ്ദേഹത്തോടൊപ്പം പോകാൻ തയ്യാറായി. ഭൂതബാധിതയായ സ്ത്രീയുടെ വീട്ടിലെത്തിയ കുട്ടി കുതിരപ്പുറത്തുനിന്നും ഇറങ്ങുന്നതു കണ്ടപ്പോൾ ഭൂതം ബാധിച്ച സ്ത്രീ വിളിച്ചുകൂവി "ഇതാ കൊച്ചു ജീസസ് മാൻ" വരുന്നു. (ദൈവമക്കളെ ഭൂതങ്ങൾ വേഗം തിരിച്ചറിയുന്നു.)ആ കുട്ടി , സ്ത്രീയുടെ അടുക്കൽ ചെന്ന് ഭൂതത്തെ യേശുവിന്റെ നാമത്തിൽ ശാസിച്ചു. ഭൂതം അലറിവിട്ടു പോയതിനാൽ സ്ത്രീ സ്വതന്ത്രയായിത്തീർന്നു.

സ്രഷ്ടാവാം ദൈവം തന്റെ സ്രഷ്ടികളായ മനുഷ്യന് വൈവിദ്ധ്യമാർന്ന കഴിവുകൾ നൽകിയിട്ടുണ്ട്.

'Your Talent is God's Gift To You

What you Do with it is, Your Gift Back to God"

**'Leo Buscaglia'**



**താലന്തുകൾ ഉപയോഗിക്കുന്നതെന്തിന് ?**

1. മറ്റുള്ളവരോട് നമുക്ക് ഉത്തരവാദിത്തമുള്ളതിനാൽ
2. നമ്മോടുതന്നെ നമുക്കൊരു ഉത്തരവാദിത്തമുള്ളതു കൊണ്ട്
3. നമ്മുടെ ജീവിതം പാഴാക്കികളയാതിരിക്കേണ്ടതിനാൽ

**താലന്ത് എപ്രകാരം ഉപയോഗിക്കണം**

'കൊച്ചു ജീസസ് മാൻ' എന്ന് വിളിച്ച കുട്ടി അവന് ദൈവം കൊടുത്ത കഴിവ് കണ്ടെത്തിയതുപോലെ നമ്മുടെ കഴിവുകൾ കണ്ടെത്തുക എന്നതാണ് നമ്മുടെ പ്രധാന ചുമതല. നമ്മുടെ സ്വന്ത താല്പര്യപ്രകാരം **കുറേ പണം ഉണ്ടാക്കി** കാലം കഴിക്കുന്ന വരായിത്തീരുന്നവരെയല്ല ദൈവത്തിനു വേണ്ടത്. ജീവിതവിരക്തി തോന്നുന്നവരെയും യഹോവയ്ക്ക് ആവശ്യമില്ല. ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരെയാണ് ദൈവം ഇഷ്ടപ്പെടുന്നത്. താലന്ത് കണ്ടെത്തിയവർ അത് ഒളിച്ചുവയ്ക്കരുത്. മത്താ:(5:16)ൽ വചനം പറയുന്നു 'മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടു സ്വർഗ്ഗ സ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങ ളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' എന്ന് ഞാൻ എന്തു ചെയ്യും, എനിക്കു കഴിവില്ല എന്ന് സ്വയം തീരുമാനിച്ച് ദൈവം തന്ന കഴിവുകളെ നഷ്ടമാക്കുന്നവരാണ് പലരും. ദൈവം നമ്മെ വഴി നടത്തും എന്ന് വിശ്വസിക്കുക. 'ഞാൻ കൂടെയുണ്ട്" എന്ന് വാഗ്ദത്തം തന്നവൻ വിശ്വസ്തനാണ്.

താലന്തുകൾ ഉപയോഗിക്കുന്നവന് ഇരട്ടിഫലം നൽകുക മാത്ര മല്ല , കൂടുതൽ ഉത്തരവാദിത്തങ്ങളും ഏല്പിക്കുന്നു. ഉദാ: ഗിദെയോൻ, പൗലോസ്. താലന്തുകൾ ഉപയോഗിക്കാത്തവനിൽ നിന്ന് അവ മടക്കി വാങ്ങുന്നു. പ്രവർത്തി ചെയ്യുന്നവനെ നല്ലവനും വിശ്വസ്തനുമായ 'ദാസനേ' എന്ന് വിളിക്കുമ്പോൾ താലന്തുകൾ ഉപയോഗിക്കാത്തവനെ ദുഷ്ടനും മടിയനുമായ ദാസനേ എന്നാണ് വിളിക്കുന്നത്. താലന്ത് ഉപയോഗിക്കണമോ? നഷ്ടമാക്കേണമോ എന്ന് സ്വയം ചിന്തിക്കുക. നല്ല തീരുമാനം സ്വീകരിപ്പാൻ ദൈവം സഹായിക്കട്ടെ.

## <u>പ്രാർത്ഥന</u>

അങ്ങ് , ഞങ്ങളെ ഏല്പിച്ച താലന്ത് പിറുപിറുപ്പില്ലാതെ കണ്ടെത്തി ഉപയോഗിപ്പാൻ സഹായിക്കേണമേ. ഫലമുള്ളവരായി പിതാവിനെ സന്തോഷിപ്പിക്കുന്ന മക്കളായി ജീവിപ്പാൻ കൃപചെയ്യേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind